ഉത്തരം

(എ) സംസ്ഥാനത്തെ യുവ സംരംഭകർക്കായി പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

യുവസംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.-യിൽനിന്നും 25 ലക്ഷം രൂപ വരെ മൂലധനം നൽകുന്ന ഒരു സീഡ് ഫണ്ടിംഗ് സ്കീം ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി/ യുവസംരംഭകരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പതിനഞ്ചോളം ആശയങ്ങൾക്ക് ഇതിനോടകം സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ വിദ്യാർത്ഥി/ യുവസംരംഭകരുടെ നൂതന ആശയങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ഐ.ഡി.സി. വായ്പകളുടെ പലിശ 2% കുറച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് തീരുമാനമൊന്നും എടുത്തിട്ടില്ല.

പുതിയ വ്യവസായ പാർക്കുകൾ

163 (548) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ബഡ്ജറ്റ് പ്രഖ്യാപനത്തിനുശേഷം കെ.എസ്.ഐഡി.സി. പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ഐ.ഡി.സി.-യുടെ നിർമ്മാണത്തിലിരിക്കുന്ന ഓരോ വ്യവസായ പാർക്കിന്റെയും നിലവിലെ അവസ്ഥ വിശദമാക്കുമോ;

(സി) ഇവ ഓരോന്നും ഏത് വർഷമാണ് നിർമ്മാണ പ്രവർത്തനം ആരംഭിച്ചതെന്നും എന്നത്തേയ്ക്ക് പ്രവർത്തനം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടതെന്നും വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ പുതിയ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനും നിർമ്മാണത്തിലിരിക്കുന്നവ പൂർത്തീകരിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഇത് കൊണ്ട് ഉദ്ദേശിച്ച ലക്ഷ്യം പൂർണ്ണമായും പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) കെ.എസ്.ഐ.ഡി.സി.-യുടെ കുറ്റ്യാടി നാളികേര പാർക്ക്, പെട്രോകെമിക്കൽ പാർക്ക് കൊച്ചി, ഇലക്ട്രോണിക് പാർക്ക് കൊച്ചി എന്നീ വ്യവസായ പാർക്കുകളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കെ.എസ്.ഐ.ഡി.സി.-യുടെ നിർമ്മാണത്തിലിരിക്കുന്ന മറ്റ് വ്യവസായ പാർക്കുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) പുതിയ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിനും നിർമ്മാണത്തിലിരിക്കുന്നവ പൂർത്തീകരിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയ തുക പ്രസ്തുത ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച തുക ഉപയോഗിച്ച് വിവിധ വ്യവസായ പാർക്കുകളിൽ റോഡ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ബിൽഡിംഗ്, ജലവിതരണ സംവിധാനം, ഇലക്ട്രിസിറ്റി, എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ്, മഴവെള്ള സംഭരണി, ചുറ്റുമതിൽ, കാന്റീൻ എന്നിവ സമയബന്ധിതമായി നിർമ്മിച്ചിട്ടുള്ളതാണ്. കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ ഏകദേശം 53 കമ്പനികൾ വ്യവസായം ആരംഭിക്കുകയും 87 ഓളം കമ്പനികൾ നിർമ്മാണ ഘട്ടങ്ങളിലുമാണ്. വിവിധ പാർക്കുകളിലായി ഏകദേശം രണ്ടായിരത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

ടാറസ് കമ്പനിക്കുള്ള പ്രവർത്തനാനുമതി

164 (549) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജർമ്മൻ-അമേരിക്കൻ കമ്പനിയായ ടാറസിന് വിദേശ നിക്ഷേപത്തോടെ പ്രവർത്തിക്കാൻ അനുമതി നല്കിയ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) നിർദ്ദിഷ്ട പദ്ധതിക്ക് എത്ര ഏക്കർ സ്ഥലം എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായി നല്കിയിട്ടുണ്ട്; പ്രസ്തുത ഭൂമി ഏത് ആവശ്യത്തിനായി സർക്കാർ അക്വയർ ചെയ്തിരുന്നതായിരുന്നു എന്നും വ്യക്തമാക്കാമോ ;

(സി) പദ്ധതിയുടെ പ്രമോട്ടർ ആരാണ്; എന്തെല്ലാം ഘടകങ്ങൾ അടങ്ങിയതാണ് പദ്ധതി; സർക്കാരിന് പ്രസ്തുത പദ്ധതിയിൽ പങ്കാളിത്തം ഉണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ എന്തെല്ലാമാണ്; നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; ഏത് തീയതിക്കകം പദ്ധതി നിലവിൽ വരുമെന്ന് വിഭാവനം ചെയ്യുന്നു; പദ്ധതികാവശ്യമായ എന്തെല്ലാം അനുമതികൾ ഇതിനകം സർക്കാർ നല്കുകയുണ്ടായിട്ടുണ്ട് എന്നും വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly